"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - എസ്.ഡി.ആർ.എഫ്. - കാസറഗോഡ് ജില്ല - കാസറഗോഡ് ബ്ലോക്ക് - മധൂർ ഗ്രാമപഞ്ചായത്ത് - മന്നിപ്പാടി ജലദുർഗ്ഗ റോഡ് പുനരുദ്ധാരണ പ്രവൃത്തി - കാലാവധിക്ക് ശേഷം കരാറിലേർപ്പെട്ട നടപടി സാധൂകരിച്ചും - പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസം മാപ്പാക്കിയും - അന്തിമ ബിൽ തുക അനുവദിയ്ക്കുന്നതിന് അനുമതി നൽകിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.254/2026/DMD തീയതി,തിരുവനന്തപുരം, 24-06-2026

---

പരാമർശം:-
1. സ. ഉ. (സാധാ) നം. 136/2023/ഡി.എം.ഡി. തീയതി, 10.03.2023
2. കാസറഗോഡ് ജില്ലാകളക്ടറുടെ 13.05.2026 ലെ DCKSGD/4793/2025-K3 നമ്പർ കത്ത്

**ഉത്തരവ്**

എസ്.ഡി.ആർ.എഫ്. മാനദണ്ഡ പ്രകാരം കാലവർഷക്കെടുതികളിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പരാമർശിത ഉത്തരവ് പ്രകാരം 5,00,000/- (അഞ്ച് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി ലഭിച്ച കാസറഗോഡ് ജില്ലയിലെ കാസറഗോഡ് ബ്ലോക്കിലെ മധൂർ ഗ്രാമപഞ്ചായത്തിലെ മന്നിപ്പാടി ജലദുർഗ്ഗ റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് വേണ്ടി എഗ്രിമെന്റ് വെച്ചിരുന്നെങ്കിലും ഇടവിട്ട് പെയ്ത മഴ കാരണം ടാറിംഗ് പ്രവൃത്തി പൂർത്തികരിക്കുന്നതിന് തടസ്സം നേരിട്ടതുകൊണ്ട് ഭരണാനുമതി കാലാവധിക്കകം പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല. ടി സാഹചര്യത്തിൽ പ്രവൃത്തിയുടെ പൂർത്തീകരണത്തിലുണ്ടായ കാലതാമസം മാപ്പാക്കി അന്തിമബിൽ തുക അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശിത കത്ത് പ്രകാരം ജില്ലാകളക്ടർ അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാകളക്ടറുടെ ശിപാർശയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണവും പരിഗണിച്ച് പരാമർശിത ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച കാസറഗോഡ് ജില്ലയിലെ കാസറഗോഡ് ബ്ലോക്കിലെ മധൂർ ഗ്രാമപഞ്ചായത്തിലെ മന്നിപ്പാടി ജലദുർഗ്ഗ റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് കാലാവധിക്ക് ശേഷം കരാറിൽ ഏർപ്പെട്ട നടപടി സാധൂകരിച്ചും പ്രവൃത്തി പൂർത്തീകരിച്ചതിലെ കാലതാമസം മാപ്പാക്കിയും എസ്.ഡി.ആർ.എഫ്. മാനദണ്ഡ പ്രകാരം അനുവദനീയമായ പ്രവൃത്തിക്ക് വേണ്ടി ചെലവായ തുകയിൽ നിന്നും കരാറിന്റെ അടിസ്ഥാനത്തിൽ പി.ഡബ്ല്യൂ.ഡി. വകുപ്പ് മാന്വൽ പ്രകാരമുള്ള ഫൈൻ ഈടാക്കിയ ശേഷം അന്തിമ ബിൽ തുക മാറി അനുവദിയ്ക്കുന്നതിന് ജില്ലാകളക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പൂജ ലാൽ കെ എ എസ്

അണ്ടർ സെക്രട്ടറി

ജില്ലാ കളക്ടർ, കാസറഗോഡ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോഴിക്കോട്

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം. DMB3/65/2026-DMD)

ഉത്തരവിൻ പ്രകാരം

Signed by

Kumari Rekha S R

സെക്ഷൻ ഓഫീസർ

Date: 24-06-2026 15:06:50

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ. യ്ക്ക്